"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 29-05-2020

## സർക്കുലർ നം 49

തടവുകാരുടെ സേവന സന്നദ്ധതയും സാമൂഹിക പ്രതിബദ്ധതയും ഉപയോഗപ്പെടുത്തി മാസ്കിൻെറ നിർമ്മാണം ഇന്ത്യയിൽ ആദ്യമായി ജയിലുകളിൽ ആരംഭിച്ചത് കേരളാ ജയിലുകളാണ്. ഏതാണ്ട് 8 ലക്ഷത്തോളം കോട്ടൺ മാസ്കുകൾ നിർമ്മിച്ച് വിതരണം ചെയ്യാൻ കേരളത്തിലെ ജയിൽ വകുപ്പിന് സാധിച്ചു. നമ്മുടെ മാതൃകാ പിൻപറ്റിയാണ് മറ്റ് സംസ്ഥാനങ്ങളിലെ ജയിൽ വകുപ്പുകൾ മാസ്ക് നിർമ്മാണത്തിലേയ്ക്ക് തിരിഞ്ഞത്.

മാസ്ക് നിർമ്മാണത്തിൽ ആരോഗ്യ വകുപ്പ് നിഷ്കർഷിച്ച നിബന്ധനകൾക്കനുസരിച്ച് വില കുറച്ചും ഗുണനിലവാരം നിലനിർത്തിയുമാണ് ജയിൽ വകുപ്പ് മാസ്ക് തയ്യാറാക്കിയത്. ഇക്കാര്യത്തിൽ നമ്മിൽ നിന്നും മാസ്ക് വാങ്ങിയ എല്ലാ ഉപഭോക്താക്കളും അഭിനന്ദനം അറിയിക്കുകയും ചെയ്തിരുന്നു.

ലോക്ക്ഡൗൺ കാലാവധി നീട്ടുകയോ ഇളവുകൾ അനുദിക്കുകയോ ചെയ്യുമ്പോൾ വീടിനു പുറത്ത് സഹകരിക്കുന്ന ജനങ്ങളുടെ എണ്ണം വർദ്ധിക്കാൻ സാധ്യതയുണ്ട്. ഒപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതോടെ ആവശ്യത്തിൻെറ അളവ് വർദ്ധിക്കുകയും ചെയ്തേക്കാം. അതിനാൽ താഴെ പറയുന്ന മാതൃകയിൽ മാസ്ക് നിർമ്മിക്കേണ്ടതാണ്.

1. മാസ്കുകൾ നിർമ്മിക്കുന്ന കാര്യത്തിൽ നിലവിലെ പാറ്റേൺ പരിഷ്കരിക്കേണ്ടതാണ്. നിലവിലെ തിരശ്ചീനമായുള്ള 3 പ്ലീറ്റ് / 5 പ്ലീറ്റ്-ന് പകരം മദ്ധ്യത്തിൽ മുകൾ അറ്റം മുതൽ താഴെ വരെ ഒറ്റതയ്യൽ ലംബമായി ചെയ്യുന്ന വിധമുള്ള പുതിയതിൻെറ മാതൃകകൾ തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
2. നിർമ്മിക്കുന്ന മാസ്കുകൾ രണ്ട് ലെയർ / മൂന്ന് ലെയർ ആയിരിക്കേണ്ടതാണ്.
3. 50% ഇലാസ്റ്റിക് പിടിപ്പിച്ചതും 50% നാടകൾ ഉപയോഗിച്ചുമുള്ളതായിരിക്കണം.
4. മാസ്ക് നിർമ്മാണത്തിനുള്ള തുണി തിരഞ്ഞെടുക്കുമ്പോൾ ആകർഷമായ ഇളം നിറങ്ങളും പ്രിൻറുകളും ഉൾപ്പെടുത്തണം. ഉദാ Skyblue, Light yellow, Lemon yellow, Light biscuit colour.
5. മുഖം, ചെവി എന്നിവ മൂടത്തക്കവിധം ഉറ ആകൃതിയിൽ ബനിയൻ ക്ലോത്ത് പോലെയുള്ള തുണി ഉപയോഗിച്ചുള്ള മാതൃകകൾ പരീക്ഷിക്കാവുന്നതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

G1-11799/2020/PrHQ df2b15

സ്വീകർത്താവ്:  എല്ലാ ജയിൽ സ്ഥാപനമോധാവികൾക്കും

പകർപ്പ് :  ഡി ഐ ജി
ദക്ഷിണമേഖല, മദ്ധ്യമേഖല,ഉത്തരമേഖല